ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:26.05.2025

## പ്രധാനവാർത്തകൾ

1. ഗുജറാത്തിലെ ദാഹോദ് ലോക്കോമോട്ടീവ് നിർമ്മാണ പ്ലാന്റ് പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തിന് സമർപ്പിച്ചു.

2. കേരളത്തിൽ കരുത്താർജ്ജിച്ച് കാലവർഷം; അഞ്ചു ദിവസം വ്യാപക മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത ; 11 ജില്ലകളിൽ ചുവപ്പുജാഗ്രത

3. ശക്തമായ കാറ്റിനും ഉയർന്ന തിരമാലയ്ക്കും സാധ്യത; കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് തീരങ്ങളിൽ കടലാക്രമണ സാധ്യതയ്ക്കുള്ള ചുവപ്പ് ജാഗ്രത.

4. അറബിക്കടലിൽ മുങ്ങിയ ലൈബീരിയൻ ചരക്കുകപ്പലിൽ നിന്നുള്ള കണ്ടെയ്നറുകൾ കൊല്ലം, ആലപ്പുഴ തീരങ്ങളിൽ അടിഞ്ഞു. തീരദേശവാസികൾക്ക് ജാഗ്രതാനിർദേശം

5. പ്ലസ് വൺ ഏക ജാലക പ്രവേശനത്തിനുള്ള അപേക്ഷകളിൽ മാറ്റം വരുത്താൻ മറ്റന്നാൾ വൈകിട്ടുവരെ അവസരം

6. നോർവേ ചെസ് ടൂർണമെന്റിൽ ലോക ഒന്നാം നമ്പർ താരം മാഗ്നസ് കാൾസനെ ഇന്ത്യയുടെ ഡി ഗുകേഷ് നേരിടും

PIUTVPM

*******************************************

## പ്രധാനമന്ത്രി - ഗുജറാത്ത്

ഗുജറാത്തിലെ ദാഹോദ് ലോക്കോമോട്ടീവ് നിർമ്മാണ പ്ലാന്റ് പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തിന് സമർപ്പിച്ചു. അടുത്ത 11 വർഷത്തിനുള്ളിൽ 1200 ഇലക്ട്രിക് ചരക്ക് ട്രെയിൻ എൻജിൻ ഉത്പാദിപ്പിക്കുകയാണ് പ്ലാന്റിന്റെ ലക്ഷ്യം. 21,000 കോടി രൂപയിലധികം ചെലവഴിച്ചാണ് പ്ലാന്റ് നിർമിച്ചത്. രാജ്യത്തെ ഏറ്റവും കരുത്തുറ്റ ഇലക്ട്രിക് ട്രയിൻ എൻജിനും ഉദ്ഘാടനം ചെയ്തു.

*********************************

## മഴ-സംസ്ഥാനം

കേരളത്തിൽ കാലവർഷം ശക്തി പ്രാപിക്കുന്നു. അടുത്ത അഞ്ചു ദിവസം വ്യാപക മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത. പത്തനംതിട്ട, കോട്ടയം, , എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രത തുടരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിത്തത്തിന് വിലക്കേർപ്പെടുത്തി. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ഇടുക്കി, കോട്ടയം, തൃശ്ശൂർ, എറണാകുളം, പത്തനംതിട്ട ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്കും അഭിമുഖത്തിനും മാറ്റമില്ല. വയനാട് ജില്ലയിൽ അങ്കണവാടികൾ, മദ്രസകൾ, സ്പെഷ്യൽ സ്കൂളുകൾ എന്നിവയ്ക്ക് അവധി പ്രഖ്യാപിച്ചു. കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയും കേരള സാങ്കേതിക സർവകലാശാലയും ഇന്ന് നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു.

*********************************

RNU TVPM

## മഴ - ജാഗ്രത

കേരള തീരത്ത് ഇന്ന് രാത്രി 8.30 വരെ 3 മീറ്റർ മുതൽ 4.2 മീറ്റർ വരെ ഉയർന്ന തിരയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്. കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിൽ കടലാക്രമണ സാധ്യതക്കുള്ള ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം കാപ്പിൽ മുതൽ പൊഴിയൂർ വരെ ഓറഞ്ച് ജാഗ്രതയാണ്. കന്യാകുമാരി ജില്ലയിലെ നീരോടി മുതൽ ആരോക്യപുരം വരെയുള്ള തീരങ്ങളിൽ ഇന്ന് രാത്രി ഉയർന്ന തിരയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. കേരള, കർണാടക, ലക്ഷദ്വീപ് തീരത്ത് മണിക്കൂറിൽ 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ട്. ഈ മാസം 29 വരെ കേരള, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനം പാടില്ല.

RIJU TVPM

*********************************

## പത്തനംതിട്ട - മഴ (ഇൻട്രോ)

പത്തനംതിട്ട ജില്ലയിൽ മഴക്കെടുതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി അഗ്നി സുരക്ഷാ വിഭാഗവും, കൃഷിവകുപ്പും കെ.എസ്.ഇ.ബിയും കണ്ട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്. **വിശദാംശങ്ങളുമായി ആകാശവാണി പത്തനനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ......**

(വോയ്സ്)

*********************************

## തിരുവനന്തപുരം- മഴ

തിരുവനന്തപുരം ജില്ലയിലും മഴ തുടരുന്നു. വിവിധ ഇടങ്ങളിൽ നേരിയ തോതിൽ മണ്ണിടിച്ചിലുണ്ടായി. വാമനപുരം നദിയിലും

കരമനയാറ്റിലും മക്കിയാറ്റിലും ജല നിരപ്പ് ഉയർന്നു. പൊന്മുടിയിലേക്കുള്ള യാത്ര താൽക്കാലികമായി നിരോധിച്ചു. വെള്ളായണി കാർഷിക മേഖലയിൽ വൻ കൃഷിനാശം നേരിട്ടു.

*********************************

## ഇടുക്കി-മഴ (ഇൻട്രോ)

ഇടുക്കിയിൽ ഇന്നലെ ആരംഭിച്ച മഴ ഇന്നും തുടരുന്നു. കർശന ജാഗ്രതയാണ് ജില്ലയിൽ ഏർപ്പെടുത്തിയിരിക്കുന്നത്. **വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.........**

(വോയ്സ്)

*********************************

RNU TVPM

## കോഴിക്കോട് - മഴ

കോഴിക്കോട് ജില്ലയിൽ കാലവർഷക്കെടുതിയിൽ മരിച്ചവരുടെ എണ്ണം നാലായി. ഇരുവഴിഞ്ഞി പുഴയിലും ചാലിയാറിലും ജലനിരപ്പ് ഉയരുന്നു.

*********************************

## കണ്ണൂർ - മഴ (ഇൻട്രോ)

കണ്ണൂർ ജില്ലയിൽ കനത്ത മഴയും ശക്തമായ കാറ്റും വ്യാപകമായ നാശം വരുത്തി. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ .**

(വോയ്സ്)

*********************************

## നദീതീരങ്ങളിൽ ജാഗ്രത

കോഴിക്കോട് ജില്ലയിലെ കോരപ്പുഴ, പത്തനംതിട്ട ജില്ലയിലെ മണിമല, തിരുവനന്തപുരം ജില്ലയിലെ വാമനപുരം, വയനാട് ജില്ലയിലെ കബനി എന്നീ നദികളിൽ ഓറഞ്ച്, മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഈ നദികളുടെ കരയിലുള്ളവർ ജാഗ്രത പാലിക്കണം. യാതൊരു കാരണവശാലും നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല.

*******************************

## മലപ്പുറം- മഴ

ജലനിരപ്പ് ഉയർന്നതിനാൽ തൂതപ്പാലത്തിന് സമാന്തരമായി നിർമിക്കുന്ന പുതിയ പാലത്തിന്റെ നിർമാണം താത്കാലികമായി നിർത്തിവെച്ചു. പുഴയിലേക്ക് നിർമാണ യന്ത്രങ്ങളും വാഹനങ്ങളും ഇറക്കുവാൻ ഉണ്ടാക്കിയ താത്കാലിക മൺറോഡ് ഒലിച്ചുപോയി.

*******************************

RNU TVPM

## മന്ത്രി കെ കൃഷ്ണൻകുട്ടി- മഴ

സംസ്ഥാനത്തു മഴ രൂക്ഷമാകുന്ന സാഹചര്യത്തിൽ, വൈദ്യുതി സംബന്ധമായ അപകടമോ, അപകടസാധ്യതയോ ശ്രദ്ധയിൽപ്പെട്ടാൽ എത്രയും വേഗം അതത് സെക്ഷൻ ഓഫീസുകളിൽ അറിയിക്കണമെന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി അറിയിച്ചു. 94 96 01 01 01 എന്ന എമർജൻസി നമ്പറിലും വിവരം അറിയിക്കാം.

*******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

**********************************

## ഉപതെരഞ്ഞെടുപ്പ്

കേരളത്തിലെ നിലമ്പൂർ ഉൾപ്പെടെ രാജ്യത്തെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് അടുത്ത മാസം 19ന് നടക്കും. നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ ഇന്ന് പുറത്തിറക്കി. അടുത്തമാസം 23ന് ആണ് വോട്ടെണ്ണൽ. അടുത്തമാസം രണ്ടുവരെ നാമനിർദേശ പത്രിക സമർപ്പിക്കാം. സ്ഥാനാർഥി നിർണയത്തിന് ദിവസങ്ങൾ മാത്രം ശേഷിക്കെ രാഷ്ട്രീയ പാർടികൾ തിരക്കിട്ട ചർച്ചകളിലാണ്.

**********************************

## കൊല്ലം - കണ്ടെയ്നർ (ഇൻട്രോ)

RNU TVPM

അറബിക്കടലിൽ മുങ്ങിയ ലൈബീരിയൻ ചരക്കുകപ്പലിൽ നിന്നുള്ള കണ്ടെയ്നറുകൾ കൊല്ലം, ആലപ്പുഴ തീരങ്ങളിൽ അടിഞ്ഞു. 25 ഓളം കണ്ടെയ്നറുകൾ കൊല്ലം തീരത്ത് കണ്ടെത്തി. പത്തിലധികം കണ്ടെയ്നറുകൾ തീരത്ത് ഒഴുകുന്നുണ്ട്. കണ്ടെയ്നറുകളും സാധനങ്ങളും കസ്റ്റംസ് കണ്ടുകെട്ടുന്നതിനുള്ള നടപടികൾ തുടങ്ങി. കേരള യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെൻറ് ഓഫ് അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് അധികൃതർ എത്തി സാമ്പിളുകൾ ശേഖരിച്ചു. നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് വകുപ്പ് മേധാവി ഡോ. എസ്. എം. റാഫി പറഞ്ഞു.

(വോയ്സ്)

**********************************

## കണ്ടെയ്നർ - ജാഗ്രത

ചരക്കു കപ്പൽ അപകടവുമായി ബന്ധപ്പെട്ട് തീരദേശവാസികൾ ആശങ്കപ്പെടേണ്ടതില്ലെന്നും ജാഗ്രത പാലിച്ചാൽ മതിയെന്നും അധികൃതർ അറിയിച്ചു. തീരത്ത് അപൂർവ വസ്തുക്കൾ, കണ്ടെയ്നർ എന്നിവ കണ്ടാൽ തൊടരുതെന്നും അടുത്ത് കൂട്ടം കൂടരുതെന്നും 200 മീറ്റർ എങ്കിലും അകലം പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്. ഇത്തരം വസ്തുക്കളെക്കുറിച്ച് വിവരം ലഭിച്ചാൽ 112 എന്ന നമ്പറിൽ അറിയിക്കണം. കപ്പൽ മുങ്ങിയ സ്ഥലത്ത് നിന്ന് 20 നോട്ടിക്കൽ മൈൽ ദൂരപരിധിയിൽ മത്സ്യബന്ധനം നടത്തരുത്.

*********************************

## മുഖാമുഖം പരിപാടി മാറ്റിവച്ചു

മുഖ്യമന്ത്രി പിണറായി വിജയനും വനിതകളുമായുള്ള മുഖാമുഖം പരിപാടി താൽക്കാലികമായി മാറ്റിവച്ചു. എറണാകുളം സിയാൽ കൺവെൻഷൻ സെന്ററിൽ നാളെ നടത്താനിരുന്ന പരിപാടിയാണ് മാറ്റിവച്ചത്. ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർക്ക് അവരവരുടെ പ്രദേശങ്ങളിൽ കാലവർഷ കെടുതിയെ തുടർന്നുള്ള ഉത്തരവാദിത്തങ്ങൾ നിർവഹിക്കാനുള്ളതുകൊണ്ടാണ് നടപടി.

RNU TVPM

*********************************

## പ്ലസ് വൺ പ്രവേശനം

സംസ്ഥാനത്ത് പ്ലസ് വൺ ഏക ജാലക പ്രവേശനത്തിന് സമർപ്പിച്ച അപേക്ഷകളിൽ ഓപ്ഷൻ ഉൾപ്പെടെ തിരുത്തലിന് അവസരം. മറ്റന്നാൾ വൈകിട്ട് അഞ്ച് വരെ ട്രയൽ അലോട്ട്മെൻറ് ലിസ്റ്റ് പരിശോധിച്ച് ക്യാൻഡിഡേറ്റ് ലോഗിനിലെ എഡിറ്റ് ആപ്ലിക്കേഷൻ വഴി തിരുത്തൽ നടത്താം.

*********************************

## കടുവ-മലപ്പുറം

മലപ്പുറം കളിൽകാവിൽ നരഭോജി കടുവയെ പിടികൂടാൻ തിരച്ചിൽ വ്യാപകമാക്കി. ദൗത്യ സംഘം ഇന്ന് ആർത്തല എസ്റ്റേറ്റിലാണ് തിരച്ചിൽ നടത്തുന്നത്.

*********************************

## ജാമ്യ അപേക്ഷ തള്ളി.

തിരുവനന്തപുരത്ത് ഐ ബി ഉദ്യോഗസ്ഥയെ ആത്മഹത്യയിലേക്ക് തള്ളി വിട്ട കേസിൽ, ഒളിവിലുള്ള പ്രതി സുകാന്ത് സുരേഷിൻറെ മുൻകൂർ ജാമ്യ അപേക്ഷ ഹൈക്കോടതി തള്ളി. ജസ്റ്റിസ് ബെച്ചു കുര്യൻ തോമസിന്റേതാണ് ഉത്തരവ്.

*********************************

RNU TVPM

## പ്രതി പിടിയിൽ

വയനാട് തിരുനെല്ലി അപ്പപ്പാറയിൽ യുവതിയെ വെട്ടിക്കൊലപ്പെടുത്തിയ കേസിൽ പ്രതി പിടിയിലായി. സംഭവത്തിനുശേഷം കൊല്ലപ്പെട്ട യുവതിയുടെ കാണാതായ ഒൻപതു വയസുകാരി മകളെയും കണ്ടെത്തി.

*********************************

## നോർവേ ചെസ് ടൂർണമെൻറ്

നോർവേ ചെസ് ടൂർണമെന്റിന് ഇന്ന് തുടക്കമാകും. ലോകചാമ്പ്യൻ ഡി ഗുകേഷ്, അർജുൻ എരിഗാസി ഉൾപ്പെടെയുള്ള താരങ്ങൾ ഇന്ത്യയെ പ്രതിനിധീകരിക്കും. ലോക ഒന്നാം നമ്പർ താരം മാഗ്നസ് കാൾസണെതിരെയാണ് ഗുകേഷിന്റെ ആദ്യ പോരാട്ടം.

*********************************

## മലേഷ്യൻ മാസ്റ്റേഴ്സ് ബാഡ്മിൻറൺ

മലേഷ്യൻ മാസ്റ്റേഴ്സ് ബാഡ്മിൻറണിൽ അട്ടിമറികളുമായി മുന്നേറിയ ഇന്ത്യയുടെ കിഡംബി ശ്രീകാന്തിന് ഫൈനലിൽ തോൽവി. ചൈനയുടെ ലോക നാലാം നമ്പർ ലി ഷി ഫെങ്ങാണ് ശ്രീകാന്തിനെ നേരിട്ടുള്ള സെറ്റുകൾക്ക് തോൽപ്പിച്ചത്.

*********************************

## ഐ.പി.എൽ ക്രിക്കറ്റ്

ഐ.പി.എൽ ക്രിക്കറ്റിൽ, ഇന്ന് പഞ്ചാബ് കിംഗ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും. ജയ്പൂരിലെ സവായ് മാൻസിംഗ് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

*********************************

RNU TVPM

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം.ബോംബെ ഓഹരി സൂചിക സെൻസെക്സ് 439 പോയിന്റ് നേട്ടത്തിൽ 82,160 ലും,ദേശീയ ഓഹരി സൂചിക നിഫ്റ്റി 131 പോയിന്റ് ഉയർന്നു 24,984 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു . പവന് 320 രൂപ കുറഞ്ഞു 71,600 രൂപയും, ഗ്രാമിന് 8,950 രൂപയുമാണ് ഇന്നത്തെ വില .

******************************************************************

******************************************************************